ശ്രീരാമകൃഷ്ണ സ്തുതി

ശ്രീമത് സ്വാമി വിശദാനന്ദജി മഹാരാജ്

SRI RAMAKRISHNA STUTI

SRIMAT SWAMI VISHADANANDAJI MAHARAJ



ശ്രീമത് സ്വാമി വിശദാനന്ദജി മഹാരാജ്

ചിദ്ഘനം ഹൃദയം യസ്യ
രാമകൃഷ്ണേ സ്ഥിതശ്ചയഃ
ആനന്ദേ വിശദേ ശശ്വത്
തസ്മൈ ശ്രീ ഗുരവേ നമഃ

ശ്രീരാമകൃഷ്ണ സ്തുതി

ശ്രീമത് സ്വാമി വിശദാനന്ദജി മഹാരാജ്
രചിച്ച ശ്രീരാമകൃഷ്ണ ഭാഗവതത്തിൽനിന്ന്
നിത്യപാരായണത്തിനായി തിരഞ്ഞെടുത്ത ശ്ലോകങ്ങൾ

ശ്രീരാമകൃഷ്ണ നിരഞ്ജനാശ്രമം
ശ്രീരാമകൃഷ്ണ നഗർ
ഒറ്റപ്പാലം - 679 103 കേരളം

Sri Ramakrishna Stuti

Select verses from **Sri Ramakrishna Bhagavatam**
Written by **Srimat Swami Vishadanandaji Maharaj**
intended for daily chanting

Published by
Swami Dheerananda
President
Sri Ramakrishna Niranjan Ashrama
SRK Nagar, Ottapalam-679 103
Palakkad Dist., Kerala
South India
Phone: 0492-644479, 648233

Copyright © : Publisher

First Edition : 26-10-2001 (Vijayadasami)

Price Rs. 10

Printed at
Sincere Offset, Palakkad

Sri Ramakrishna Stuti is also available as an audio cassette
ശ്രീരാമകൃഷ്ണ സ്തുതിയുടെ ഓഡിയോ കാസറ്റും ലഭ്യമാണ്

ശ്രീരാമകൃഷ്ണ സ്തുതി

1. ദിവ്യമാം പരാനന്ദസത്തയിൽ സംഭവിച്ചു
ദൈവികകാര്യസാധ്യമുണ്ടാക്കാനവനിയിൽ
ആവിർഭവിച്ച ദിവ്യശ്രീരാമകൃഷ്ണനെന്റെ
ദിവ്യമാം ഹൃദയത്തിൽ നാഥനായ് ഭവിക്കട്ടെ

2. ആദ്യന്തവിഹീനമാം തത്വത്തിലുത്ഭവിച്ചു
മർത്ത്യനായ് ധരണിയിൽ വർത്തിച്ച ദിവ്യദിവ്യൻ
എത്രയും പവിത്രമാം മൂർത്തിയെന്നന്തരംഗ-
വർത്തിയായ് വർത്തിച്ചീടാൻ ഭാവുകമുണ്ടാകട്ടെ

3. ബാല്യകാലത്തുതൊട്ടു ദൈവികവൃത്തികൊണ്ടു
ഭൗതികസംസ്കാരങ്ങൾ നിശ്ശേഷം വളർത്താതെ
ദിവ്യതതന്നെയാകുമാശ്ചര്യസ്വരൂപമെ-
ന്നുള്ളത്തിൽ നിരന്തരം വർത്തിക്കാൻ സാധിക്കട്ടെ

4. കൽക്കട്ടാനഗരത്തിൽ കാളികാമന്ദിരത്തിൽ
ലീലകൾ ചെയ്തുവാണ ദേവിതൻ മൂർത്തഭാവം
ദേവീതനൂജനായ ശ്രീരാമകൃഷ്ണദേവ-
ചിന്മയസ്വരൂപമെന്നുള്ളത്തിൽ തിളങ്ങട്ടെ

5. ദേവിയെ ദർശിക്കാതെ ജീവിക്കയില്ല പാരി-
ലീവണ്ണം ചിന്ത ചെയ്തു ശീർഷത്തെയറുക്കുവാൻ
ഭാവിച്ച മഹാദിവ്യ ദൈവികസ്വരൂപമെൻ
സർവ്വേശൻ, ഹൃദയത്തിൽ സർവ്വദാ വർത്തിക്കട്ടെ

6. സർവ്വേശ സർവ്വഭാവ സംയുത വിദ്യുത്‌വീചീ-
ഭാവത്തിൽ സർവ്വ ദിക്കും വ്യാപിച്ചു തന്നെ മൂടി
തന്നിലേക്കാവേശിച്ചു ദിവ്യമാം സമാധിയിൽ
ലീനനായ് തീർന്ന ദിവ്യനുള്ളത്തിൽ വസിക്കട്ടെ

7. ചിന്മയി ജഗദംബാമൂർത്തിമത്തായ ഭാവം
ശാരദാദേവി തന്നെ പത്നിയായ് സ്വീകരിച്ച
ഗാർഹസ്ഥ്യ ധർമ്മദീപം ശ്രീരാമകൃഷ്ണനെന്റെ
ഹൃത്തടക്ഷേത്രത്തിങ്കൽ നാഥനായ് വസിക്കട്ടെ

8. ശ്രീരാമൻ സീതാദേവി രാധികാദേവി കൃഷ്ണൻ
ഈവണ്ണമുള്ള ദേവീദേവന്മാർ സകലരും
സായൂജ്യം തന്റെയുള്ളിൽ നേടുവാനിടയായ
ദിവ്യനാം രാമകൃഷ്ണനുള്ളത്തിൽ വസിക്കട്ടെ

9. ദിവ്യയാം രാസാമണിറാണിയും മഥുരനും
നിർവ്യാജം സേവചെയ്തു ജന്മസാഫല്യമാർന്ന
സർവ്വേശതന്റെ മൂർത്തിയാകിയ രാമകൃഷ്ണൻ
സർവ്വദാ മമ ചിത്തനാഥനായ് വസിക്കട്ടെ

10. താന്ത്രികമാർഗ്ഗമെല്ലാം ഭൈരവിയോടുപിന്നെ
ശിക്ഷണമേറ്റു ദിവ്യസാധന ചെയ്തു സിദ്ധി
നേടിയ മഹാസിദ്ധനാകിയ ദേവീഭക്തൻ
അംബികാതനൂജനെന്നുള്ളത്തിൽ വസിക്കട്ടെ

11. വേദാന്തദീക്ഷ പിന്നെ വേദാന്തസന്യാസവും
വേദാന്താചാര്യൻ ദിവ്യൻ നഗ്നനാം തോതാപുരി
തന്നോടു സംവരിച്ചു സന്യാസിയായിത്തീർന്ന
ധന്യനാം ഭഗവാനെന്നുള്ളത്തിൽ വർത്തിക്കട്ടെ

12. ആറുമാസങ്ങൾ ദിവ്യഭാവത്തിൽ നിർവ്വികല്പ
ബോധാതിഗമ്യബോധമണ്ഡലവർത്തിയായി
വർത്തിച്ച ദിവ്യനായ ശ്രീരാമകൃഷ്ണനെന്റെ-
യുള്ളത്തിൽ നിരന്തരം വർത്തിച്ചു ശോഭിക്കട്ടെ

13. മുസൽമാൻ ധർമ്മം തന്റെ സാധനാമാർഗ്ഗമാക്കി
ലക്ഷ്യത്തിലെത്തിച്ചേർന്നു സർവ്വവുമൊന്നാണെന്നു
സിദ്ധി കൈവരിച്ചുള്ളോൻ നബിയെ സാക്ഷാത്കാരം
നേടിയോൻ രാമകൃഷ്ണനുള്ളത്തിൽ വസിക്കട്ടെ

14. കൃസ്തുധർമ്മത്തിൻ നാഥൻ കൃസ്തുവിൻ സാക്ഷാത്കാര-
മെത്തിയെന്നല്ല കൃസ്തു തന്നുടെയുളളിലായി
സായൂജ്യമടഞ്ഞതാമാനന്ദമനുഭൂതി
നേടിയ രാമകൃഷ്ണനുള്ളത്തിൽ വസിക്കട്ടെ

15. ബാലഗോപാലലീല ചെയ്തതുതാനാണെന്നു
സ്ഥൂലലോകത്തിൽ ഭക്ത ഗോപാലമാതാവിന്നു
ദിവ്യമാമനുഭൂതിയേകിയ മഹാത്ഭുത-
ദിവ്യനെൻ ഹൃദയത്തിൽ സമ്പൂർണ്ണം ശോഭിക്കട്ടെ

16. കാഞ്ചന കാമത്യാഗമൂർത്തിയായ് മനസ്സിന്റെ
വൃത്തികൾ, പ്രവൃത്തികൾ, വാക്കുകളിവയെല്ലാം
ഐക്യമായ് തീർത്ത ദിവ്യനാത്മാർത്ഥഭാവമൂർത്തി
ത്യാഗിയാം രാമകൃഷ്ണനുള്ളത്തിൽ വർത്തിക്കട്ടെ

17. ഷോഡശീപൂജ ചെയ്തു ശാരദാദേവി ദിവ്യ
ലോകൈകനാഥയെന്നു ദർശിച്ച ദേവീഭക്തൻ
സാധനാസിദ്ധിയെല്ലാം ശാരദാപാദത്തിങ്ക-
ലർച്ചിച്ച മഹാദിവ്യനുള്ളത്തിൽ വസിക്കട്ടെ

18. ശങ്കരജ്യോതിസ്സിന്റെയംശമായവനിയിൽ
സംഭൂതനായ നരബ്രഹ്മർഷി നരേന്ദ്രന്റെ
സേവകൾ സ്വീകരിച്ചു ശ്രീഗുരുഭാവമാർന്ന
ശങ്കരീമൂർത്തഭാവമുള്ളത്തിൽ വസിക്കട്ടെ

19. സിദ്ധന്മാർ മുക്തന്മാരും മർത്ത്യൻമാരായി ഭൂവിൽ
വന്നെത്തി ശിഷ്യരായി സേവകരായിത്തീർന്നു
ജന്മസാഫല്യം നേടിയാനന്ദം കൊള്ളാനുള്ള
കാരുണ്യമേകും ദേവനുള്ളത്തിൽ വസിക്കട്ടെ

20. ധാർമ്മികമാർഗ്ഗങ്ങളെ മാർഗ്ഗണം ചെയ്തു നവ്യ-
ധാർമ്മികപ്രചോദനം നൽകിയ ദിവ്യദിവ്യൻ
ധർമ്മസ്വരൂപനായ ശ്രീരാമകൃഷ്ണനെന്റെ
നിർമ്മല ഹൃദയത്തിൽ സന്നിധിയരുളട്ടെ

21. സർവ്വജ്ഞൻ സർവ്വശക്തൻ സർവ്വർക്കുമാരാധ്യനായ്
യുഗശതങ്ങളായി ദൈവിക മഹാശക്തി
ദിവ്യമായ് പ്രകാശിച്ച ദിവ്യമാം ദേവീമൂർത്തി
ദിവ്യസ്വരൂപമെന്റെയുള്ളത്തിൽ വസിക്കട്ടെ

SRI RAMAKRISHNA STUTI

Select verses from the *Sri Ramakrishna Bhagavatam*
Written by Srimat Swami Vishadanandaji Maharaj

(A free translation of the original in Malayalam)

Salutations to Bhagavan Sri Ramakrishna Paramahamsadeva

1. May Sri Ramakrishna, who dwells in the realm of transcendental Bliss and incarnated Himself in this world by divine intent to exhort mankind to realize God, reside as the Lord of my Pure Heart.

2. May Sri Ramakrishna, who is without Beginning or End and descended into this world of mortals in a Form that is Purity itself, confer on me the blessing of residing in the innermost sanctum of my Heart.

3. May Sri Ramakrishna, who from early childhood, in evidence of His glorious embodiment, remained completely immune to worldly tendencies, bless me that His splendorous Form illuminate my Heart ever.

4. May Sri Ramakrishna, who envisioned Supreme Consciousness as Divine Mother at the Kali Temple in Calcutta through His extraordinary worship, shine forth in my Heart as the conscious Spirit.

5. May Sri Ramakrishna, who resolved to sever His head and end His mortal existence if He were not granted the living experience of the Mother, reside in my Heart always as the supreme Lord.

6. May Sri Ramakrishna, who realized the One Absolute and Its many manifestations and, like the brilliance of lightning, enveloped all the directions even as He immersed Himself in divine ecstasy, reside in my Heart.

7. May Sri Ramakrishna, who considered Sri Sharada Devi no different from the vibrant Consciousness of Divine Mother and accepting her as His wife illustrated the tenets of righteous living, reside in my Heart as the Lord Almighty.

8. May Sri Ramakrishna, who emphasized the singularity of Sri Rama, Sitadevi, Sri Krishna, Radhadevi other gods and goddesses, reside in my Heart.

9. May Sri Ramakrishna, who was served and worshipped by the venerable Rani Rasmani and her son-in-law, Mathur, unstintedly and thereby enabled to fulfil their divine destiny, remain always as the Lord of my innermost chamber.

10. May Sri Ramakrishna, who actualised every detail of the Tantric knowledge imparted by Bhairavi Brahmani to perfection and remained ever the devoted child of Divine Mother, reside in my Heart.

11. May Sri Ramakrishna, who was initiated into sannyasa by the renowned Vedantic teacher, the Naked One, Sri Totapuri, and, as a monk par excellence, intuited the esoteric dimension of that state, abide in my Heart.

12. May Sri Ramakrishna, who remained in the non-dual state of consciousness for six months at a stretch and indwelt the Firmament of Divine Bliss, remain in my Heart as supreme effulgence.

13. May Sri Ramakrishna, who practised Islam in earnest, experienced the presence of Mohammad the Prophet and affirmed the One Reality of all religions, reside in my Heart.

14. May Sri Ramakrishna, who not only practised Christian religion but also merged Himself with Jesus Christ and enjoyed His presence deep within, reside in my heart.

15. May Sri Ramakrishna, who, as if to emphasise His identity with Lord Krishna in a previous incarnation, engaged in childlike frolic for the great devotee, Gopal's mother, to savour, fill my Heart completely with His wonderful luminosity.

16. May Sri Ramakrishna, whose renunciation of lust and greed was total, who perfectly harmonised thought, word and deed and whose identification with His Ideal was phenomenal, remain in my Heart.

17. May Sri Ramakrishna, an adorable devotee of Divine Mother, who performed Shodasi puja of Sri Sharada Devi and placed the fruits of His sadhana at Her sacred feet revealing her divine stature as the Mother of the Universe, reside in my Heart.

18. May Sri Ramakrishna, who accepted, with benediction, the service rendered by his foremost disciple Narendra, a celebrated sage with the quintessential spark of Lord Shiva who incarnated in this world, reside in my Heart.

19. May Sri Ramakrishna, the merciful Master, whose other disciples consisted of seekers, the liberated, the devoted ones who realised their goal in life and the joy of the Infinite in rendering Him service, reside in my Heart.

20. May Sri Ramakrishna, the personification of dharma, who journeyed through the paths of different religions and provided the inspiration for a novel, composite faith, bless my Pure Heart with His nectarine Presence.

21. May Sri Ramakrishna, the all-knowing, all-powerful, all-worshipful, who has been radiating divine strength for all eternity and has assumed the unique, effulgent Form of Divinity, reside in the lotus of my Heart.

നിരഞ്ജനം നിത്യമനന്തരൂപം
ഭക്താനുകമ്പാധൃത വിഗ്രഹം വൈ
ഈശാവതാരം പരമേശമീഢ്യം
തം രാമകൃഷ്ണം ശിരസാ നമാമി